# മൂന്നു രാജാക്കന്മാർ

കൊല്ലവർഷം 1188 എടവം 30 വൈകുന്നേരം മഴയൊന്നു തോർന്ന നേരത്ത് ഞാൻ തൃശ്ശൂരിലെ മൂന്നു രാജാക്കന്മാരെ മുഖം കാണിയ്ക്കാനിറങ്ങി.

ആദ്യത്തെ രാജാവ് വടക്കുന്നാഥന്റെ കിഴക്കേ ഗോപുരത്തിന് ഏകദേശം എതിരെയാണ് നിൽപ്. കൃത്യമായി പറഞ്ഞാൽ സ്വരാജ് റൗണ്ടിനും പാലസ് റോഡിനുമിടയ്ക്കുള്ള ത്രികോണാകൃതിയിലുള്ള ഭൂമിയിൽ. ഒന്നരയാൾ വലിപ്പത്തിൽ കൂറ്റൻ രൂപം. കോട്ട് അണിഞ്ഞിട്ടുണ്ട്. കാലുറയുണ്ട്. പെയ്തു തോർന്ന മഴയുടെ ബാക്കിയായി ചുറ്റുമുള്ള വാകമരത്തിൽനിന്ന് വെള്ളം രാജാവിന്റെ തലയിലേയ്ക്ക് ഇറ്റിറ്റു വീഴുന്നുണ്ട്. തൊപ്പിയുള്ളതുകൊണ്ട് നനയില്ല. തല ഉയർത്തിപ്പിടിച്ചുള്ള നിൽപിന് ഗാംഭീര്യമുണ്ട്. ചുളിവുകളുള്ള മുഖം കണ്ടാൽ എൺപതിലധികം വയസ്സു മതിയ്ക്കും. താഴെ ഇംഗ്ലീഷിൽ എഴുതി വെച്ചിരിയ്ക്കുന്നു:

HIS HIGHNESS SRI
SIR RAMAVARMA
G. C. I. E. L. L. D.
MAHARAJA OF COCHIN

പേരിനു ശേഷമുള്ള അക്ഷരങ്ങൾ എന്തു ബിരുദമാണ് എന്നറിയില്ല. ബിരുദമാണോ എന്നും ഉറപ്പില്ല. കൂടുതൽ വിവരങ്ങളൊന്നുമില്ല. ജനനവർഷവും മരണവർഷവുമില്ല. ഭരണകാലം ഏതെന്നറിയാനും സൂചനകളൊന്നുമില്ല.

ഈ രാമവർമ്മ പഴയ രാമവർമ്മ തീയറ്ററിനു പുറംതിരിഞ്ഞാണ് നിൽപ്പ്. ഇപ്പോളത് നവീകരിച്ച ശ്രീരാമവർമ്മ പാർക്ക് ആക്കിയിട്ടുണ്ട്. ചുറ്റും ടൈലുകളിട്ട് ഭംഗിയാക്കിയിരിയ്ക്കുന്നു. മേൽത്തരം ഇഷ്ടികകൾ കൊണ്ട് തറ കെട്ടിയ വാകമരങ്ങൾ. ഇലകളുടെ നിബിഡതയ്ക്കിടയിൽ രാജാവിനെ പെട്ടെന്ന് ആരും കാണാൻ വഴിയില്ല.

രണ്ടാമത്തെ രാജാവ് മുനിസിപ്പൽ സ്റ്റാൻഡിലാണ്. എം. ഒ. റോഡിലേയ്ക്കു തിരിയുമ്പോഴേയ്ക്കും ആരുടേയും ശ്രദ്ധയിൽപ്പെടും. വടക്കുന്നാഥനെ നേർക്കുനേർ നോക്കിയാണ് രാജാവിന്റെ നിൽപ്പ്. ആദ്യത്തെ രാജാവിനോളം വലിപ്പമില്ല. പേര് അതു തന്നെ. ഫലകത്തിലെ കുറിപ്പുകളും സമാനം. ഭരണം കയ്യാളിയതിന്റെ കാലഘട്ടവും ജനനമരണവർഷവും കൂടുതലായി ഉണ്ടെന്നു മാത്രം:

HIS HIGHNESS
SIR SRI RAMAVARMA
G. C. I. E.
MAHARAJA OF COCHIN
ASCENDED MUSNAD 1914
1858-1932

വേഷവിധാനങ്ങൾ ഏറെക്കുറെ ആദ്യത്തെ രാജാവിന്റേതു തന്നെ. മുഖത്തിന് ആദ്യത്തെ രാജാവിന്റേതു പോലത്തെ വാർദ്ധക്യമില്ല. ചുറ്റും മരങ്ങളൊന്നുമില്ലാത്തതുകൊണ്ട് അപ്പോൾ തുടങ്ങിയ പെരുമഴ മുഴുവൻ ഏറ്റുവാങ്ങിയാണ് നിൽപ്പ്. മഴക്കോട്ടു പോലെയൊന്ന് ഇട്ടിട്ടുള്ളത് ഏതായാലും നന്നായി.

മൂന്നാമത്തെ രാജാവിന്റെ സ്ഥാനാരോഹണം ഈ മാസമാണ് നടന്നത്. ശക്തൻ തമ്പുരാൻ ബസ് സ്റ്റാൻഡിലെ ഗതാഗതദ്വീപിൽ. വടക്കുന്നാഥനെ നോക്കിത്തന്നെയാണ് ഈ മഹാരാജാവിന്റേയും നിൽപ്പ്.

H. H. RAMAVARMA SAKTHAN THAMPURAN
A. D. 1751-1805
FORMER MAHARAJA OF COCHIN AND ARCHITECT OF THRISSUR

ഈ രാമവർമ്മയ്ക്ക് കോട്ടു പോയിട്ട് ഷർട്ടു തന്നെയില്ല. ഒറ്റമുണ്ട്. തോർത്തു പോലത്തെ ഒന്ന് അരയിൽ കെട്ടിയിട്ടുണ്ട്. കഴുത്തിൽ ഒരു മാല. മാറത്ത് പൂണൂൽ. ശരീരം കണ്ടാൽ എം. ജി. എസ്. നാരായണൻ ഈയിടെ പടയാളിപ്പണിയ്ക്കരെ വിശേഷിപ്പിച്ച ''വലിഞ്ഞു മുറുകിയ പേശികളും വിരിഞ്ഞ മാറിടവും കെട്ടിയ കുടുമയും ഒട്ടിയ

വയറും ഒതുക്കമുള്ള അരക്കെട്ടുമായി നിതാന്തജാഗ്രത പാലിയ്ക്കുന്ന'' രൂപം. കയ്യിൽ ഉറയിലിട്ട ഉടവാളുണ്ട്.

തേക്കിൻ കാടിനെ 'തേക്കില്ലാത്ത തേക്കിൻകാട്' എന്ന് എം. എൻ. വിജയൻ മാഷ് വിശേഷിപ്പിച്ചതിൽപ്പിന്നെയാണ് അവിടെ തേക്കു നട്ടു പിടിപ്പിച്ചത്. ശക്തൻ തമ്പുരാൻ സ്റ്റാൻഡിൽ ശക്തൻ തമ്പുരാനില്ല എന്ന പരാതി 1986-ൽ ജോൺ പോൾ മാർപ്പാപ്പയ്ക്ക് സ്വീകരണമൊരുക്കാൻ ഈ പ്രദേശം വെട്ടിവെളുപ്പിച്ച് 'ശക്തൻ തമ്പുരാൻ നഗർ' എന്ന് നാമകരണം ചെയ്തപ്പോൾ മുതലുള്ളതാണ്. ഏതായാലും ഈ പ്രതിമയുടെ സ്ഥാപനത്തോടെ അതു മാറിക്കിട്ടി. പക്ഷേ ആക്ഷേപങ്ങൾ പലതും ഉയർന്നു. ഇതാണോ സാക്ഷാൽ ശക്തൻ തമ്പുരാന്റെ രൂപം? അദ്ദേഹത്തെ കണ്ടവരാരും ഇന്ന് ഉണ്ടാവില്ല എന്നതു ശരി; പക്ഷേ ആരെങ്കിലും അദ്ദേഹത്തിന്റെ ചിത്രമെങ്കിലും കണ്ടിട്ടുണ്ടോ?

ഇത് ഗുരുവായൂരപ്പന്റെ കലണ്ടർ കണ്ടിട്ട് ''അയ്യേ, ഇതിന് ഗുരുവായൂരപ്പന്റെ ഒരു ഛായേം ഇല്യ'' എന്ന് പണ്ടൊരു നമ്പൂരി പറഞ്ഞതു പോലെയായി. പുത്തേഴത്ത് രാമൻ മേനോന്റെ 'ശക്തൻ തമ്പുരാൻ' എന്ന പുസ്തകത്തിന്റെ പുറംചട്ടയായി ചേർത്ത ചിത്രമാണ് ഈ ശിൽപത്തിന് ആധാരമാക്കിയിട്ടുള്ളത്. അതു തന്നെ ആ ചിത്രകാരന്റെ മനോധർമ്മമായിരുന്നു എന്നു തീർച്ച. എന്നാലും നമ്മൾ അതാണ് സാക്ഷാൽ ശക്തൻ തമ്പുരാന്റെ രൂപം എന്നു തീരുമാനിയ്ക്കുന്നു. അല്ലാതെ എന്തു ചെയ്യാൻ! അല്ലെങ്കിലും സി. വി. രാമന്റെ പ്രതിമയുണ്ടാക്കി 'സി. വി. രാമൻ പിള്ള' എന്ന് അടിയിൽ എഴുതിവെച്ചതിനോളം വങ്കത്തമില്ലല്ലോ ഇതിന്.

എന്നാലും ദോഷൈകദൃക്കുകൾ അവിടെയും നിന്നില്ല. ശക്തൻ തമ്പുരാന്റെ ഈ നിൽപ്പു ശരിയാണോ? കയ്യും കാലും വെട്ടാൻ മടിയ്ക്കാത്ത ഭരണാധികാരി എന്നു വിശ്വസിയ്ക്കപ്പെടുന്ന ശക്തൻ തമ്പുരാൻ ഇങ്ങനെ പരാജയപ്പെട്ട പടയാളിയേപ്പോലെയാണോ നിൽക്കുക? കുറച്ച് അകലെനിന്നു നോക്കൂ. തലയ്ക്ക് ഉടലിനേക്കാൾ വലിപ്പമില്ലേ? ഒരു 'മന്ദബുദ്ധി ലുക്' ഉണ്ടോ ഈ ശക്തൻ തമ്പുരാന്?

തൃശ്ശൂരിന്റെ ശിൽപ്പി എന്നു വിശേഷിപ്പിയ്ക്കാൻമാത്രം അദ്ദേഹത്തിനേക്കുറിച്ചുള്ള കഥകൾക്ക് ആധികാരികതയില്ലെന്നു പറഞ്ഞ് മറ്റു ചിലർ മുമ്പേതന്നെ രംഗത്തെത്തിയിരുന്നു. വടക്കുന്നാഥന് പ്രദക്ഷിണവഴി പണിയാൻ തേക്കിൻകാടു മുഴുവൻ വെട്ടിത്തെളിപ്പിയ്ക്കുമ്പോൾ ''ഇതെന്റെ അച്ഛന്റെ ജടയാണ്'' എന്ന് ഉറഞ്ഞുതുള്ളിവന്ന പാറമേക്കാവിലെ വെളിച്ചപ്പാടിന്റെ തല വെട്ടിയതാണ് ശക്തൻ തമ്പുരാനേക്കുറിച്ചുള്ള കഥകളിൽ ഏറ്റവും പ്രചാരമുള്ളത്. വൈകിയെത്തിയതു കൊണ്ട് ആറാട്ടുപുഴ പൂരത്തിൽ പങ്കെടുക്കാൻ കഴിയാതെ വന്നതും അടുത്ത കൊല്ലം തന്നെ അതിനു സമാന്തരമെന്നോണം അതിൽക്കൂടുതൽ പ്രൗഢിയോടെ തൃശ്ശൂർപ്പൂരം നടത്തുമെന്നു തീരുമാനിച്ചതും ആണ് മറ്റൊന്ന്. തൃശ്ശൂരിന്റെ വാണിജ്യവികസനത്തിനു വേണ്ടി നസ്രാണികളെ കൊണ്ടുവന്നു താമസിപ്പിച്ചതിൽ ദീർഘദൃഷ്ടിയുള്ള ഒരു ഭരണാധികാരിയെ നമുക്കു കാണാം. ഗോഹത്യ നടത്തിയ ഈഴവനെ ഗളഹസ്തം ചെയ്തതും നിസ്സാരമായ കുറ്റങ്ങൾക്കു പോലുമുള്ള ശിക്ഷയായി നിരവധി തലകൾ വെട്ടിയതുമൊക്കെയുള്ള തമ്പുരാന്റെ വീരഗാഥകളിൽപ്പലതും ഇന്നുള്ളവർക്ക് ദഹിയ്ക്കാൻ പ്രയാസമായിരിയ്ക്കും എന്നത് വേറെക്കാര്യം.

ശക്തൻ തമ്പുരാനേക്കുറിച്ചുള്ള കഥകൾ നേരാണെന്നു തന്നെ കരുതുക. എന്താണ് ഒന്നും രണ്ടും രാജാക്കന്മാർക്കുള്ള മഹത്വം? എന്റെ കൂട്ടുകാരൻ വാസുദേവൻ പറഞ്ഞതനുസരിച്ച് തൃശ്ശൂരിൽ റെയിൽവേ ലൈൻ വരാൻ ഏറ്റവുമധികം മോഹിച്ച ആളായിരുന്നുവത്രേ ഒന്നാമത്തെ രാജാവ്. സായിപ്പിനെ കണ്ട് തന്റെ മോഹം അറിയിച്ചപ്പോൾ ധനമോഹിയായ സായിപ്പ് പണം ആവശ്യപ്പെട്ടുവെന്നും രാജാവ് ശ്രീപൂർണ്ണത്രയീശന്റെ സ്വർണ്ണം കൊണ്ടുള്ള പതിനൊന്നു നെറ്റിപ്പട്ടങ്ങൾ വാഗ്ദാനം ചെയ്തുവെന്നും കഥയുണ്ട്. പത്താമത്തെ നെറ്റിപ്പട്ടവും ചുരുട്ടിക്കൂട്ടിക്കഴിഞ്ഞ് പതിനൊന്നാമത്തേത് എടുത്തപ്പോൾ രാജ്ഞി അകത്തുനിന്നു വന്ന് രാജാവിനോടു പറഞ്ഞുവത്രേ ''അതെങ്കിലും കൊടുക്കരുത്; ഉള്ളതു മുഴുവൻ കൊടുത്താൽ അങ്ങ് നെറ്റിപ്പട്ടം കൊടുത്തു തുലച്ച തമ്പുരാനായി മാത്രമേ അറിയപ്പെടൂ'' എന്ന്. അതു കേട്ട് സായിപ്പ് പതിനൊന്നാമത്തെ നെറ്റിപ്പട്ടം തിരിച്ചു കൊടുത്തുപോൽ. ഈ കഥയിൽ സ്വന്തം നാടിനു പുരോഗതിയുണ്ടാവുന്ന ഒന്നു ചെയ്യാനുള്ള ഒരു ഭരണാധികാരിയുടെ അഭിവാഞ്ഛയാണ് പ്രകടമാവുന്നത്.

രണ്ടാമത്തെ രാജാവിനേക്കുറിച്ച് ഒരു കഥയും കേട്ടിട്ടില്ല. മുനിസിപ്പൽ സ്റ്റാൻഡിൽ ഒരു തണൽ പോലുമില്ലാത്ത സ്ഥലത്ത് ഏകാന്തമായ ആ നിൽപ്പ് കാണുമ്പോൾ സങ്കടം വരും. രാജാവിന്റെ വലത്തു വശത്ത് സ്വകാര്യബസ്സുകൾ വന്നു നിൽക്കുന്നു. ആളെ ഇറ

ക്കാനും വിളിച്ചുകയറ്റാനുമായി ബസ്സ് ജീവനക്കാർ ബഹളം വെയ്ക്കുന്നു. ഇടത്ത് ഇരു ചക്രവാഹനങ്ങളുടെ പാർക്കിങ്ങ്. പിന്നിലൂടെ ഹൈറോഡിൽനിന്ന് പോസ്റ്റോഫീസ് റോഡി ലേയ്ക്കുള്ള വാഹനങ്ങളുടെ ഒഴുക്ക്. മുന്നിലേയ്ക്കാവട്ടെ സ്വരാജ് റൗണ്ടിൽനിന്ന് കുതി ച്ചെത്തുന്ന വാഹനങ്ങൾ. ഈ ബഹളങ്ങൾക്കു നടുവിൽ ഒരു ട്രാഫിക് പോലീസിനേപ്പോ ലെയാണ് ഈ രാജാവിന്റെ നിൽപ്പ് എന്നു തോന്നും.

ഈ രാജാവ് പലപ്പോഴും ഒരു അടയാളമായാണ് ഉപയോഗിയ്ക്കപ്പെടാറ്. കൂട്ടു കാരെ സന്ധിയ്ക്കുമ്പോൾ പലപ്പോഴും ഞാൻ പറയാറുള്ളത് ''മുനിസിപ്പൽ സ്റ്റാൻഡിലെ രാജാവിന്റെ മുന്നിൽ കാണാം'' എന്നാണ്. മുനിസിപ്പൽ സ്റ്റാൻഡിലേയ്ക്ക് ഓട്ടോ റിക്ഷ പിടിയ്ക്കുമ്പോൾ നിർത്താനുള്ള ഇടം കൂടിയാണ് അത്. ചുറ്റുമുള്ള വേലിക്കെട്ടിൽ പരസ്യം ഒട്ടിയ്ക്കാൻ തുടങ്ങിയിട്ടില്ലെങ്കിലും കൂട്ടനിവേദനത്തിൽ ഒപ്പിടാനുള്ള ബാനറു കളും മറ്റും പലപ്പോഴും രാജാവിനെ വലയം ചെയ്യാറുണ്ട്. തൃശ്ശൂർ പൂരത്തിന് ഇലഞ്ഞി ത്തറ മേളം കഴിഞ്ഞ് കുടമാറ്റത്തിനു മുമ്പ് പാറമേക്കാവും തിരുവമ്പാടിയും പക്ഷക്കാർ സ്വരാജ് റൗണ്ട് ചുറ്റിവന്ന് എം. ഒ. റോഡിലേയ്ക്കു പ്രവേശിച്ച് ഈ പ്രതിമയെ വലം വെച്ച് തിരിച്ചു പോവുമ്പോൾ മാത്രമാണ് ഈ മഹാരാജാവിന്റെ പ്രൗഢി കുറച്ചെങ്കിലും അനുഭവ പ്പെടാറുള്ളത്.

ശക്തൻ തമ്പുരാന്റെ പ്രതിമയ്ക്കു മുന്നിൽ നിൽക്കുമ്പോൾ ഒന്നു കൂടി എന്റെ ശ്രദ്ധ യിൽപ്പെട്ടു. ആദ്യത്തെ രണ്ടു രാജാക്കന്മാരുടേയും ശിലാഫലകത്തിനില്ലാത്തത് ഈ ശിലാ ഫലകത്തിനുണ്ട്. ശക്തന്റെ പ്രതിമ നാട്ടുകാർക്കു മുമ്പിൽ അനാച്ഛാദനം ചെയ്ത ചട ങ്ങിൽ പങ്കെടുത്ത സകലരുടേയും പേരും നാളും ജാതകവും സ്വർണ്ണലിപികളിൽ ഇതിൽ ആലേഖനം ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഗവർണർ മുതൽ ആരാധ്യനായ മേയർ വരെ, സാംസ്കാരിക മന്ത്രി മുതൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് വരെ. ശക്തൻ തമ്പു രാന്റെ പേരിനേക്കാളും തിളങ്ങി നിൽക്കുന്നത് ആ പേരുകളാണ്.

നമുക്കറിയാം, ഇവർ ഇന്നത്തെ ഭരണാധികാരികളാണ്. ഇവരിൽച്ചിലരെങ്കിലും നാളെ പ്രതിമയായി ഇതുപോലെ നിൽക്കേണ്ടവരുമാണ്. അല്ലെങ്കിൽ മരണശേഷം വഴിയരി കിൽ പ്രതിമയായി നിൽക്കാൻ ആഗ്രഹിയ്ക്കാത്തവർ ആരുണ്ട്? അതു തരമാവില്ലെന്ന ദീർഘദൃഷ്ടി കൊണ്ടാവുമോ ഇവർ ഇപ്പോൾത്തന്നെ ഇത്തരം ശിലാഫലകങ്ങളിൽ കയറി ക്കൂടുന്നത്? ജീവിച്ചിരിയ്ക്കുമ്പോൾത്തന്നെ പ്രതിമയാവാനുള്ള സൗഭാഗ്യം മായാവതിയേ പ്പോലെ എല്ലാവർക്കും കിട്ടിക്കൊള്ളണമെന്നുമില്ലല്ലോ.

മായാവതിയേപ്പറ്റി പറഞ്ഞപ്പോഴാണ്. ശക്തൻ തമ്പുരാന്റെ കാലത്തും ശിൽപികളു ണ്ടായിരിയ്ക്കണം. അവരേക്കൊണ്ട് ഒരു പ്രതിമ പണിയിയ്ക്കാനും അത് എവിടെ വേണ മെങ്കിലും സ്ഥാപിയ്ക്കാനും ഉഗ്രപ്രതാപിയായിരുന്ന ആ ഭരണാധികാരിയ്ക്ക് ഒരു ഞെരു ക്കവും ഉണ്ടായിരിയ്ക്കാൻ ഇടയില്ല. ഇനി അത് ശക്തൻ തമ്പുരാൻ ചെയ്തില്ലെ ങ്കിൽത്തന്നെ പിന്നീട് സിംഹാസനമേറിയ രാജാക്കന്മാരും ചെയ്തില്ല. അവരുടെ ഈ അലംഭാവത്തിന് ഒരൊറ്റ കാരണമേ തോന്നുന്നുള്ളു: അന്നത്തെ ഭരണാധികാരികൾ അത്തരം പ്രസിദ്ധി ആഗ്രഹിച്ചിരുന്നില്ല എന്ന്. വിഡ്ഢികൾ എന്നല്ലാതെ എന്തു പറയാൻ!

മഴ ഒന്നു ശമിച്ചു. കുറച്ചു നേരമായി പഴയ രാജാവിന്റെ മുന്നിൽ നിൽക്കുന്ന എന്നെ ആളുകൾ ശ്രദ്ധിയ്ക്കുന്നുണ്ടെന്ന് എനിയ്ക്കൊരു തോന്നൽ. ശക്തന്റെ പ്രതി മയ്ക്കു മുമ്പിൽ മിഴിച്ചുനിൽക്കുന്ന എന്നെ കുറച്ചു മുമ്പ് ഒരു പോലീസുകാരൻ സംശയാ സ്പദമായി നോക്കിയിരുന്നു. വൈകാതെ വിട കൊള്ളുകയാണ് നല്ലതെന്നു തോന്നി. രാജാവിനെ ഒന്നു കൂടി നോക്കി അവിടെ നിന്നു നീങ്ങാൻ ഭാവിയ്ക്കുകയായിരുന്നു ഞാൻ.

അപ്പോൾ എവിടെനിന്നോ ഒരു നനഞ്ഞ കാക്ക പറന്നു വന്ന് രാജാവിന്റെ നിറുക യിലിരുന്നു. ചിറകുകൾ കുടഞ്ഞ് വെള്ളം അകറ്റി അത് ശക്തൻ തമ്പുരാൻ സ്റ്റാൻഡി ലേയ്ക്കാകെ ഒരു ചെരിഞ്ഞ നോട്ടമയച്ചു. പിന്നെ അത് തമ്പുരാന്റെ കുടുമയിൽ കൊത്താൻ തുടങ്ങി.

**(അഷ്ടമൂർത്തി)**